**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3** **12-01-2021 - ൽ മറുപടിയ്ക്ക്**

**സെമി ഹൈസ്പീഡ് റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം മുതൽ കാസർകോഡ് വരെ അഞ്ഞൂറ്റി അറുപത് കി.മി. സെമി ഹൈസ്പീഡ് റെയിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle approval) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. ടോപ്പോ ഗ്രാഫിക്കൽ സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ കേന്ദ്ര അനുമതി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ടും വിശദമായ പ്രോജക്ട് റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11.06.2020 ലെ സ.ഉ(കൈ) നം. 18/2020/ഗതാ ഉത്തരവ് പ്രകാരം സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle approval) ലഭ്യമായിട്ടുണ്ട്. വിശദ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രോജക്ടിന്റെ ആകെ ചെലവ് എത്രയാണെന്നും സംസ്ഥാന/കേന്ദ്ര/വിദേശ ഏജൻസികളിൽ നിന്നും എത്ര കോടി വീതം സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്താമോ; | (സി) | 63,941 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ധന ശേഖരണ രൂപം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി ഈ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ഡി) | സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര സർക്കാരിന്റേയും പരിഗണനയിൽ ആണ്. കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം, റെയിൽവേ മന്ത്രാലയം, കേന്ദ്ര ആസൂത്രണ സാമ്പത്തിക കാര്യ |

| | | | |
|---|---|---|---|
| | | | വകുപ്പ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ. |
| (ഇ) | ഈ പദ്ധതി ഉപേക്ഷിക്കുകയാണെന്ന് അറിയിച്ചുകൊണ്ട് കേന്ദ്ര ധനകാര്യ വകുപ്പിൽ നിന്നും 2020 സെപ്റ്റംബർ 3ന് കത്ത് ലഭിച്ചിരുന്നോ; | (ഇ) | സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര സർക്കാരിന്റേയും പരിഗണനയിൽ ആണ്. കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം, റെയിൽവേ മന്ത്രാലയം, കേന്ദ്ര ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ. |
| (എഫ്) | കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ അനുമതി ഇല്ലാതെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സാധ്യമാകുമോ; വിശദമാക്കുമോ? | (എഫ്) | സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര സർക്കാരിന്റേയും പരിഗണനയിൽ ആണ്. കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം, റെയിൽവേ മന്ത്രാലയം, കേന്ദ്ര ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ഉറവിടം | തുക (കോടിയിൽ) | ഓഹരി തുക ശതമാനത്തിൽ | മുഴുവൻ പദ്ധതി തുക ശതമാനത്തിൽ |
|---|---|---|---|
| റെയിൽ മന്ത്രാലയം - ഓഹരി ക്യാഷ് ഇനത്തിൽ | 2150 | 4.85% | 4.89% |
| റെയിൽ മന്ത്രാലയം - ഓഹരി ലാന്റ് വക | 975 | 2.20% | |
| റെയിൽ മന്ത്രാലയം - ഓഹരി മൊത്തത്തിൽ | 3125 | | |
| കേരള സർക്കാർ - ഓഹരി | 3253 | 7.34% | 5.09% |
| പബ്ലിക് ഇക്വിറ്റി പങ്കാളിത്തം | 4252 | 9.59% | 6.65% |
| ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് മിതമായ പലിശ നിരക്കിൽ വായ്പ | 33700 | 76.02% | 52.70% |
| **ലാന്റ് അക്വിസിഷനും നികുതി കിഴിച്ചുള്ള മൊത്തം പദ്ധതി തുക** | **44329** | **100%** | |
| നികുതി ഇനത്തിൽ കേന്ദ്ര സർക്കാർ വക സബ് ഓർഡിനേറ്റഡ് ഡെപ്റ്റ് 100% സി.ജി.എസ്.റ്റി | 3189 | | 4.99% |
| ലാന്റ് അക്വിസിഷനായി എസ്.ഐ.എ, ആർ&ആർ തുടങ്ങി മുഴുവൻ ചിലവിനത്തിൽ കേരള സർക്കാർ വക സബ് ഓർഡിനേറ്റഡ് ഡെപ്റ്റ് (100%) | 11837 | | 18.51% |
| ലാന്റ് അക്വിസിഷനായി ജെ.ഡി.എ ഇനത്തിൽ കേരള സർക്കാർ വക സബ് ഓർഡിനേറ്റഡ് ഡെപ്റ്റ് (പ്രോപ്പർട്ടി ഡെവലപ്മെന്റ് വഴി മാറ്റിവയ്ക്കാവുന്ന വരുമാനം) | 1525 | | 2.39% |
| നികുതി ഇനത്തിൽ കേരള സർക്കാർ വക സബ് ഓർഡിനേറ്റഡ് ഡെപ്റ്റ് 100% - എസ്.ജി.എസ്.റ്റി | 2896 | | 4.53% |
| **ഐ.ഡി.സി കിഴിച്ചുള്ള മൊത്ത ചിലവ്** | **63777** | | |
| കേരള സർക്കാർ വക ഐ.ഡി.സി | 164 | | 0.26% |
| **പദ്ധതിക്കായുള്ള മൊത്ത ചിലവ് (ഐ.ഡി.സി ഉൾപ്പെടെ) - പദ്ധതി പൂർത്തീകരണ തുക** | **63941** | | **100.00%** |

സെക്ഷൻ ഓഫീസർ